Local Self Government (RD) Department

No.10/RD2/2020/LSGD

Thiruvananthapuram, Dated : 24/01/2020

From

The Additional Chief Secretary to Government.

To

The Chief Town Planner(Planning), Thiruvananthapuram

Sir,

Sub:- LSGD – Kasaragod Town Master Plan – final sanction - reg.

Ref :- 1. That office letter No.F2(E2/1656/17 dated 9/1/2020.

2. G.O.(Ms)No.17/2020/LSGD dt.23/1/2020

I am to forward here with a copy of Government Order referred to above along with report and maps and request you to publish the land use map in the website of Town and Country Planning Department as digital map immediately.

Yours faithfully,
Sabitha D.S.
Deputy Secretary
For Additional Chief Secretary to Government.

Approved for issue,

Section Officer.

Enclosure: as above and one copy of G.O., report and map for DTP, Kasaragod.

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - കാസർഗോഡ് മാസ്റ്റർ പ്ലാൻ - അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ്

സ.ഉ.(കൈ)നം.17/2020/തസ്വഭവ *തിരുവനന്തപുരം, തീയതി 23/01/2020*

---

*പരാമർശം:* 1. 31/03/12-ലെ സ.ഉ.(എം.എസ്)നം.90/2012/ത.സ്വ.ഭ.വ

2 കാസർഗോഡ് നഗരസഭാ കൗൺസിലിന്റെ 5/9/19-ലെ 1/1 നമ്പർ തീരുമാനം.

3 9/01/2020-ലെ സ.ഉ.(എം.എസ്)നം.12/2020/ത.സ്വ.ഭ.വ

4 മുഖ്യനഗരാസൂത്രകന്റെ 9/01/2020-ലെ എഫ്2(ഇ 2)/1656/17 നമ്പർ കത്ത്.

ഉത്തരവ്

പരാമർശം (1) ഉത്തരവ് പ്രകാരം കാസർഗോഡ് കരട് മാസ്റ്റർ പ്ലാനിന് സർക്കാർ പ്രസിദ്ധീകരണാനുമതി നൽകി. ആയത് നഗരസഭ 23/10/12-ലെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം പ്രസിദ്ധീകരിക്കുകയും, ആക്ഷേപ നിർദ്ദേശങ്ങൾ ക്ഷണിക്കുകയും ചെയ്തുവെങ്കിലും മാസ്റ്റർ പ്ലാനിന്മേൽ തുടർ നടപടികളൊന്നും തന്നെ നഗരസഭ എടുക്കുകയുണ്ടായില്ല.

2) 2016 മാർച്ച് 17-ന് നിലവിൽ വന്ന കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റിന്റെ സെക്ഷൻ 113(2) (i)-ലെ വ്യവസ്ഥകൾ പ്രകാരം പ്രസിദ്ധീകൃത കാസർഗോഡ് മാസ്റ്റർ പ്ലാൻ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് 2016-ന് കീഴിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു മാസ്റ്റർ പ്ലാനായി പരിഗണിക്കപ്പെടാവുന്നതാണ്.

3) മാസ്റ്റർ പ്ലാനിന്മേൽ തുടർ നടപടികൾ 16/11/18-ൽ നഗരസഭ കൈക്കൊള്ളുകയും, ആക്ഷേപ നിർദ്ദേശങ്ങൾ പരിഗണിക്കാൻ നഗരസഭ രൂപീകരിച്ച സ്പെഷ്യൽ കമ്മിറ്റി നഗരസഭാ കൗൺസിലിന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് മുനിസിപ്പൽ കൗൺസിൽ പരാമർശം 2 പ്രകാരം കരട് മാസ്റ്റർ പ്ലാൻ അംഗീകരിക്കുകയും മാസ്റ്റർ

പ്ലാനും കൗൺസിൽ തീരുമാനവും തുടർ നടപടികൾക്കായി നഗരസഭാ സെക്രട്ടറി കാസർഗോഡ് ടൗൺ പ്ലാനർക്ക് അയച്ചു കൊടുക്കുകയും ചെയ്തു. എങ്കിലും പ്രസിദ്ധീകൃത മാസ്റ്റർ പ്ലാനിൽ ആക്ഷേപ നിർദ്ദേശങ്ങൾ സ്വീകരിച്ച് പ്രോസസ്സ് ചെയ്യുന്നതിനുള്ള നടപടികൾ നിശ്ചിത സമയപരിധിക്കുള്ളിൽ പൂർത്തിയാക്കാൻ നഗരസഭയ്ക്ക് കഴിഞ്ഞില്ല.

4) പ്രസിദ്ധീകൃത കാസർഗോഡ് മാസ്റ്റർ പ്ലാനിന് അനുമതി ലഭ്യമാക്കുന്നതിനായി നഗരസഭ കൈക്കൊണ്ട നടപടികൾക്ക് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 38 പ്രകാരം സർക്കാർ തലത്തിൽ സാധൂകരണം നൽകി ഉത്തരവാകണമെന്ന് മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ പരാമർശം 3 പ്രകാരം പ്രസിദ്ധീകൃത കാസർഗോഡ് മാസ്റ്റർ പ്ലാൻ അന്തിമമാക്കുന്നതിനായി കാസർഗോഡ് നഗരസഭ കൈക്കൊണ്ട നടപടികൾക്ക് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 38 പ്രകാരം സാധൂകരണം നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

5) നഗര-ഗ്രാമാസൂത്രണവകുപ്പിന്റെ സാങ്കേതികാനുമതിയോടെ തയ്യാറാക്കിയ കാസർഗോഡ് ടൗൺ കരട് മാസ്റ്റർ പ്ലാനിന് കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(8) പ്രകാരമുള്ള അനുമതി നൽകാമെന്ന് പരാമർശം 4 പ്രകാരം മുഖ്യനഗരാസൂത്രകൻ ശിപാർശ ചെയ്തിരിക്കുന്നു.

6) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുഖ്യനഗരാസൂത്രകന്റെ ശിപാർശയുടെ അടിസ്ഥാനത്തിൽ, 2016-ലെ കേരള ടൗൺ ആന്റ് കൺട്രി പ്ലാനിംഗ് ആക്റ്റ് സെക്ഷൻ 36(8) പ്രകാരം കാസർഗോഡ് ടൗൺ മാസ്റ്റർ പ്ലാനിന് അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

മദീന ബീഗം.എ

അണ്ടർ സെക്രട്ടറി

1. സെക്രട്ടറി, കാസർഗോഡ് നഗരസഭ
2. മുഖ്യനഗരാസൂത്രകൻ (പ്ലാനിംഗ്), തിരുവനന്തപുരം.
3. ജില്ലാ നഗരാസൂത്രകൻ, കാസർഗോഡ് (മുഖ്യനഗരാസൂത്രകൻ മുഖേന)
4. സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.